
23/01/2023

# ഡോ. കെ.ബാലചന്ദ്ര ഹെബ്ബാർ സി.പി.സി.ആർ.ഐ. ഡയറക്ടർ



ഡോ. കെ.ബാലചന്ദ്ര ഹെബ്ബാർ

കാസർകോട് ▶ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ (സി.പി.സി.ആർ.ഐ.) ഡയറക്ടറായി ഡോ. കെ.ബാലചന്ദ്ര ഹെബ്ബാർ തിങ്കളാഴ്ച ചുമതലയേൽക്കും. നാഗ്പുരിലെ കേന്ദ്ര പരുത്തി ഗവേഷണ കേന്ദ്രത്തിൽ 1995-ൽ ശാസ്ത്രജ്ഞനായി ചേർന്ന ഇദ്ദേഹം 2010 മുതൽ സി.പി.സി.ആർ.ഐ.യിൽ പ്ലാന്റ് ഫിസിയോളജി, ബയോകെമിസ്ട്രി, പോസ്റ്റ്ഹാർവെസ്റ്റ് ടെക്നോളജി എന്നിവയുടെ തലവനായി പ്രവർത്തിക്കുന്നു.

കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പഠനത്തിന് 2010-ൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചർ ബോർലോഗ് ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്. തേങ്ങയിൽനിന്ന് നീര ശേഖരിക്കുന്നതിനുള്ള ലളിതമായ സാങ്കേതികവിദ്യ 'കൊക്കോസാപ്പ് ചില്ലർ' വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കൽപ്പരസയും അതിന്റെ മൂല്യവർധിത ഉത്പന്നമായ നാളികേര പഞ്ചസാരയും വികസിപ്പിച്ചെടുത്തത്. ഇതിന് മൂന്ന് പേറ്റന്റുകളും ലഭിച്ചിട്ടുണ്ട്. കർണാടക, കേരളം, തമിഴ്നാട്, ഗോവ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ആരോഗ്യപാനീയമായി നീര ശേഖരിക്കുന്നതിനും വിൽക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിനുമായി ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു.

MATHRUBHUMI